# MES BYTES

MES HIGHER SECONDRY SCHOOL, IRIMBILIYAM PIN 679572

*e-supplement*

EMAIL : meshsibm@gmail.com | https://meskerala.com

## കൂട്ടില്ലാ മഴ

പ്രിയപ്പെട്ട മഴയേ നീ പ്രിയമായിരുന്നെനിക്ക് ഇന്നലെ വരെ മാത്രം....
ഇനി നീ കോരിച്ചൊരിയയുമ്പോൾ കൂട്ടിനു കഥ പറയാൻ മുത്തശ്ശിയില്ല.
മഴയത്തു നീളൻ കുടയിൽ മാവിൻ ചോട്ടിൽ എത്തിക്കാൻ മുത്തശ്ശനില്ല.
ഇനി ഞാൻ മാത്രം....
ഒരിരുട്ടിന്റെയാ ആഗാധത്തിൽ ഞാൻ തനിച്ചായി.....
ഈ മഴയെത്തല്ലേ മരണക്കിടക്കയിൽ മുത്തശ്ശി കഴിഞ്ഞത്.
ഈ മഴയത്തു തന്നെയല്ലേ മുത്തശ്ശി കഥ പറഞ്ഞെന്നെ ഉറക്കിയത്.
അവരിൽ നിന്നെ വിട്ടു പിരിയുന്നു.
എങ്കിലും മരിച്ചില്ലെന്റെയുള്ളിൽആരാണ്ടാത്മാവിന്റെ ചെറുകഥകൾ.
ഇന്നലെ ഞാൻ ആഹ്ലാദിച്ച മഴയേ
ഇന്നു നീ പെയ്യുമ്പോൾ ഞാൻ തകർന്നിരിക്കുകയാണ്. ...
നാളെ നീ പെയ്യുമ്പോൾ എന്റെ കൂടെയവരുടെ തേൻ കഥകൾ മാത്രം
ബാക്കി.



അഹ്ബ .കെ.ടി
8. N

## [illegible]



Fathima Minha.K
8.F

Once upon a time,there was a young boy named sam who loved to play all day and avoided his chores.One day,he met an old man he was busy planting seeds in his garden.Curlous,sam asked,"why are you working so hard ?" The old man smiled and said "Time is like a river;it flows away and never returns. Every moment you waste is like a seed that will never grow ".

Sam thought about it and realized he had been wasting his precious time. He decided to make each day cout , balancing his fun with his responsibilities. Years later,sam became successful and happy , always greatful for the lesson he learned. He understood that time, one lost, could never be regained and that each moment was a gift to be charished.

## സ്നേഹതീരം

അന്ന് അനന്തുവിന്റെ മലയാളം മാഷായ മനോജ് മാഷ് ക്ലാസിലെ കുട്ടികളോട് ചോദിച്ചു. " ആരൊക്കെയാണ് കടൽ കണ്ടിട്ടുള്ളത്?" അനന്തു ഒഴികെ എല്ലാവരും കൈപ്പൊക്കി. പലരും കടലിനെ കുറിച്ചും തീരത്തെ കുറിച്ചും വർണ്ണിക്കാൻ തുടങ്ങി. പക്ഷെ അനന്തു മാത്രം ഒന്നും മിണ്ടാതെ തല താഴ്ത്തി ഇരുന്നു
. ഒമ്പതാം ക്ളാസിലെത്തിയിട്ടും അവൻ ഇതുവരെ കടൽ കണ്ടിട്ടില്ലത്രെ എന്നാരോ പരിഹാസസ്വരത്തിൽ പറയുന്നത് കേട്ടു. മനോജ് മാഷ് പറഞ്ഞു " അടുത്ത ആഴ്ച്ച നമ്മുടെ ക്ലാസിലെ കുട്ടികൾക്കെല്ലാം കടൽ കാണാൻ പോവാൻ ഒരു അവസരം ഉണ്ട്. താൽപ്പര്യം ഉള്ളവർക്ക് യാത്രയിൽ പങ്കെടുക്കാം. മുന്നൂറു രൂപയാണ് ഒരാൾക്ക് യാത്രാ ചെലവ് " ഇത്രയും പറഞ്ഞ് മനോജ് മാഷ് പോയി.

അനന്തുവിന്റെ മനസ്സ് മുഴുവൻ കടലും തിരയും ആയിരുന്നു. പക്ഷെ എന്റെ അമ്മയോട് ഞാൻ എങ്ങനെ പറയും? ആ പാവം വീട്ടുവാടക കൊടുക്കാൻ തന്നെ കഷ്ട്ടപെടുകയാണ്. ഇന്നലെയും ഉടമസ്ഥൻ ഉമ്മറത്തു വന്നു ഒരുപാട് ചീത്ത വിളിച്ചു. എന്റെ അച്ഛൻ ജീവിച്ചിരിപ്പുണ്ടായിരുന്നെങ്കിൽ? അവൻ അറിയാതെ മനസ്സ് വിങ്ങി പോയി.

രാത്രിയിൽ അമ്മയോട് പറയാൻ വേണ്ടി അടുത്തേക്ക് പോകാനൊരുങ്ങി. പക്ഷെ വേണ്ടെന്ന് മനസ്സ് പറഞ്ഞു. മുന്നൂറു രൂപ എടുക്കാനില്ലെങ്കിൽ അമ്മക്കും സങ്കടമാവില്ലെ. ഒന്നും പറയാതെ കിടന്നുറങ്ങി.

പിറ്റേ ദിവസം ക്ലാസ് മുറി മുഴുവൻ കളിച്ചും ചിരിച്ചും നടക്കുന്ന കൂട്ടുക്കാരെ അവൻ കണ്ടു. അവരെല്ലാം പോകുന്നുണ്ട്. "നീ പോരുന്നില്ലേ?" എല്ലാവരും ചോദിച്ചു. " ഇല്ലാ, എന്റെ അമ്മക്ക് എന്നെ തനിച്ച് വിടാൻ ധൈര്യമ്മില്ലെടാ " എന്നും പറഞ്ഞു ഒഴിഞ്ഞു മാറി. അതിനെന്താ ടീച്ചേഴ്സ് നോക്കുമല്ലോ എന്നാരൊക്കെയോ പറഞ്ഞു കേട്ടു.

പതിവുപോലെ മലയാളം പിരീഡിൽ മനോജ് മാഷ് യാത്രയുടെ വിശേഷങ്ങളുമായി ക്ലാസിലെത്തി. തിരികെ പോകാൻ നേരം മാഷ് അനന്തുവിനോട് പറഞ്ഞു " നീ ഓഫീസ് റൂമിലെക്കൊന്നു വരണം. ഒരു കാര്യം പറയാനുണ്ട് ". എന്തിനാണാവോ എന്നാലോചിച്ച് ഇന്റർവെൽ സമയം അനന്തു മാഷിന്റെ അടുത്തെത്തി. മാഷ് അവന് നേരെ മുന്നൂറ് രൂപ നീട്ടി. അവൻ വേണ്ടെന്ന് പറഞ് മാഷിന്റെ കൈ തട്ടി. മാഷ് പറയാൻ തുടങ്ങി " മോൻ കടൽ കണ്ടിട്ടില്ലെന്ന് എനിക്ക് മനസ്സിലായി. നീ എന്തായാലും യാത്രക്ക് വരണം. ഞാൻ പൈസ തന്ന കാര്യം ആരോടും പറയേണ്ട. നിന്റെ അച്ഛനും ഞാനും സ്കൂൾ കാലഘട്ടം മുതലേ വലിയ സുഹൃത്തുക്കളായിരുന്നു. ഒപ്പം കളിച്ചും പഠിച്ചും വളർന്നവർ. മുതിർന്നപ്പോൾ കടബാധ്യത മൂലം അവൻ ആരോടും ഒന്നും പറയാതെ നാട് വിട്ടു പോയി . പിന്നീട് അവനെ കുറിച്ച് ഞാൻ ഒന്നും അറിഞ്ഞില്ല. ഈയെടുത്താൻ എന്റെ ആ പഴയ സുഹൃത്ത് , നിന്റെ അച്ഛൻ, ഒരു നാൾ നീ കൈകുഞ്ഞാ യിരിക്കുമ്പോൾ ഒരു വാഹനാപകടത്തിൽ വെച്ച് മരണപ്പെട്ട വിവരം ഞാൻ അറിഞ്ഞത് ". ഇത്രയും പാറഞ് മനോജ് മാഷ് കണ്ണ് തുടച്ചു. ഒന്നും പറയാനാവാതെ മാഷ് തന്ന രൂപയുമായി അനന്തു ക്ലാസ്സിൽ വന്നിരുന്നു.

അവൻ വീട്ടിലെത്തി അമ്മയോട് കാര്യങ്ങളെല്ലാം പറഞ്ഞു. വിനോദയാത്ര പോകുന്ന ദിവസം അനന്തു ഉത്സാഹ ത്തോടെ ബസ്സിൽ കയറുന്നത് കണ്ട പലരും മുഖത്തോട് നോക്കി. അവർ ആദ്യമായാണ് അനന്തുവിനെ വിനോദത്രയിൽ കാണുന്നത്. ഒന്നും പറയേണ്ട എന്ന് മനോജ് മാഷ് അവനോട് കണ്ണി റുക്കി കാണിച്ചു.

അങ്ങനെ അനന്തു അവന്റെ കൂട്ടുക്കാർക്കൊപ്പം കടൽ തീരത്തെത്തി. കുറെ സമയം അവിടെ ചിലവാഴിച്ചു. അവൻ കടലിലേക്കും തീരത്തേക്കും നോക്കി കൊണ്ട് പറഞ്ഞു." നിങ്ങളോളം വിശാലമാണ് എന്റെ മനോജ് മാഷിന്റെ മനസ്സും".



ജുൽഹ ഫാത്തിമ.പി
8 M

# ഒരു സൈലന്റ് വാലി യാത്ര





സിദ്ധാർഥ്
9 S

മരങ്ങൾ ഇടതിങ്ങിയ പാതയുടെ നടുവിലൂടെ ഞങ്ങൾ യാത്ര ചെയ്തു കൊണ്ടിരിക്കുമ്പോൾ അതിമനോഹരമായ കാഴ്ചകൾ കാണാൻ ഇടയായി. പലതരത്തിലുള്ള പലനിറത്തിലുള്ള മരങ്ങൾ. വിവിധതരം വർണ്ണങ്ങളാൽ പൊതിഞ്ഞു നിൽക്കുന്ന പൂക്കൾ. അതിൽ തേൻ നുകരാൻ വരുന്ന അതിമനോഹരമായ ചിത്രശലഭങ്ങൾ. ഇല പൊഴിയും മരങ്ങൾ,അതിന്റെ ഇലകളുടെ നിറം എന്നെ ഏറെ സന്തോഷത്തിൽ ആക്കി.അങ്ങിങ്ങായി പച്ച പരവതാനി വിരിച്ചതുപോലെ വ്യാപിച്ചു കിടക്കുന്ന പുല്ലുമാടങ്ങൾ. അവിടെ പലതരം ജീവികൾ, ചെറിയ ചെറിയ പൂക്കൾ. മരക്കൊമ്പിൽ ഇരിക്കുന്ന പല മനോഹാരിതയുള്ള പക്ഷികൾ. അവർ അങ്ങോട്ടും ഇങ്ങോട്ടും എന്തൊക്കെയോ പറയുന്നതുപോലെ എനിക്ക് തോന്നി. അങ്ങനെ ഞങ്ങൾ എത്തേണ്ട സ്ഥലത്തെത്തി. അവിടെയെത്തിയപ്പോൾ മലയണ്ണാനെ ഞാൻ കാണാനിടയായി. അതൊരു അത്ഭുതകരമായ കാഴ്ചയായിരുന്നു. ശേഷം ഞങ്ങൾ കാടിന്റെ ഉള്ളറിയാൻ കാടിന്റെ വിജനതയിലേക്ക് പോയി. അങ്ങനെ ഞങ്ങൾ കാടൊക്കെ ആസ്വദിച്ച് നടക്കുന്നതിനിടെ എന്റെ കണ്ണിൽ ഒരു ജീവി പ്രത്യക്ഷപ്പെട്ടു, അതൊരു മാനായിരുന്നു, അത് തന്റെ കുഞ്ഞുങ്ങളുമായി കാട്ടിലേക്ക് മേയാൻ ഇറങ്ങിയതാണ്. അവർ ഞങ്ങളെ കണ്ടപ്പോൾ കാടിന്റെ ഉള്ളിലേക്ക് ഓടിമറഞ്ഞു. ശേഷം ഞങ്ങൾ ആനയെ കണ്ടു, വലിയ ഒരു ആന, അത് ഞങ്ങളെ നോക്കി അവിടെ ഒറ്റ നിപ്പായിരുന്നു. പലതരത്തിലും പല പേരിലും അറിയപ്പെടുന്ന പക്ഷികളെ പറ്റി ഞങ്ങൾ അറിഞ്ഞു. പലതരത്തിലുള്ള ചിത്രശലഭങ്ങളും ഞങ്ങൾ ആസ്വദിച്ചു. ശേഷം ഞങ്ങൾ ഉച്ചഭക്ഷണത്തിനായി ഞങ്ങളുടെ ഉറവിടത്തിലേക്ക് തന്നെ പോയി. ഉച്ചഭക്ഷണത്തിനുശേഷം ഞങ്ങൾ അട്ടപ്പാടിയിലേക്ക് ഒരു യാത്ര പോയി. കൂറ്റൻ മലനിര ,മലമുകളിലൂടെ ഞങ്ങൾ നടന്നു ചെന്നു. അതിന്റെ അമരത്തിൽ നിന്ന് താഴേക്ക് നിരീക്ഷിക്കുമ്പോൾ വലിയ മനോഹരമായ വിശാലമായ താഴ്‌വാരങ്ങൾ ഞാൻ കണ്ടു. പലതരത്തിലുള്ള കെട്ടിടങ്ങൾ അവിടെ നിന്നും ഞാൻ കാണാനിടയായി. അപ്പോഴേക്കും വൈകുന്നേരം ആയിരുന്നു ഞങ്ങൾ തിരികെ വീണ്ടും ഞങ്ങളുടെ ഉറവിടത്തിലേക്ക് തന്നെ മടങ്ങി. പോകുന്നതിനിടയിൽ ഞാൻ വണ്ടിയുടെ ജനവാതിലിൽ ഇരുന്ന് ഒരു അത്ഭുതകരമായ കാഴ്ച കണ്ടു. കാടുകളുടെ ഇടയിലൂടെ ഒരു കാട്ടരുവി. അതിൽ ശുദ്ധജലമായിരുന്നു ഉണ്ടായിരുന്നത് നിറയെ കല്ലുകളും, മീനുകളും ഒഴുകിവരുന്നത് എന്റെ കണ്ണിൽ പതിഞ്ഞു യാത്ര എന്റെ ജീവിതത്തിലെ എക്കാലത്തെയും മറക്കാൻ ഇടയില്ലാത്ത ഒരു മനോഹരമായ യാത്രയാണ്.

# വർണ്ണ പൂമ്പാറ്റ



ഫാത്തിമ റിൻഷ
8 C

വർണ്ണ ചിറകുള്ള പൂമ്പാറ്റ
പുത്തനുടുപ്പിട്ട പൂമ്പാറ്റ
പൂവുകൾ തോറും പാറിനടന്ന് തേനും
നുകരും പൂമ്പാറ്റ
പൂമ്പൊടി വീശും പൂമ്പാറ്റ
മുറ്റത്തെ തോപ്പിലെ പൂവുകളെല്ലാം
നിന്നെയും കാത്തിരിപ്പുണ്ടോ
നീയൊരു നിമിഷം നിന്നാട്ടേ നിൻ
ചിറകിലൊന്ന് തൊട്ടോട്ടെ
പൂന്തോട്ടത്തിൽ പൂക്കൾ തോറും പാറി
രസിക്കും പൂമ്പാറ്റ വാനിലുയരും പൂമ്പാറ്റ
എന്തു രസമാ പൂമ്പാറ്റ....



The wind blows colder
As the sun sets faster
The rivers are flowing
And the stars are glowing

We all are growing
The future is unknown
And the past is known

Our life is precious
Every moment is breathless
So enjoy your time
You won't have another life

Our life is precious
Every moment is breathless
So enjoy your time
You won't have another life



Mithra M.
9 R




**ആയിഷ അൻവർ**
9 R

# സമയം വിലപേശുന്ന കല്ല്



ഒരു ചെറിയ ഗ്രാമത്തിലുണ്ടായിരുന്നു "അരുൺ" എന്ന ബാലൻ. പഠനത്തിലും കഴിവിലും നല്ലവനായിരുന്നു, പക്ഷേ ഒരു വലിയ തെറ്റ് ചെയ്തു കൊണ്ടേയിരുന്നു അവൻ എല്ലാം "ശേഷം നോക്കാം" എന്ന് പറഞ്ഞു സമയം കളയുകയായിരുന്നു.
അവന്റെ അച്ഛൻ, ഗ്രാമത്തിലെ പഴയ കരകൗശലജ്ഞൻ, ഒരുദിവസം അരുണിന് ഒരു ചെറിയ കല്ല് കൊടുത്തു.
അച്ഛൻ പറഞ്ഞു: "ഇത് സാധാരണ കല്ലല്ല. നീ സമയം പാഴാക്കാതെ പരിശ്രമിച്ചാൽ, ഇത് സ്വർണ്ണമായി മാറും. പക്ഷേ നീ സമയം നഷ്ടപ്പെടുത്തുകയാണെങ്കിൽ, ഇത് പൊടിയായി മാറും."
ആരാധനയോടെ അരുണ് കല്ല് കൈപ്പറ്റി. ആദ്യ ദിവസങ്ങളിൽ അവൻ ഉത്സാഹത്തോടെ പഠിക്കുകയും ജോലികൾ ചെയ്യുകയും ചെയ്തു. പക്ഷേ പിന്നീട് പഴയ സ്വഭാവം വീണ്ടും തുടങ്ങി. ഹോംവർക്ക് മാറ്റിവയ്ക്കുക, അവസരം വന്നപ്പോൾ തയ്യാറല്ലാതെ ഇരിക്കുക എല്ലാം വീണ്ടും പഴയപോലെ.
മാസങ്ങൾ കഴിഞ്ഞപ്പോൾ അവൻ നോക്കിയപ്പോൾ ആ കല്ല് ചിതറിപ്പോകുകയായിരുന്നു.
ഭയപ്പെട്ട് അച്ഛനോടടുത്തു: "അച്ഛാ, ഞാൻ അത് നഷ്ടപ്പെടുത്തി. ഇനി എനിക്ക് എന്തു ചെയ്യും?"
അച്ഛൻ ചിരിച്ചുകൊണ്ട് പറഞ്ഞു:
"മകനേ, കല്ല് സാധാരണ കല്ലായിരുന്നു. പക്ഷേ അതിലൂടെ ഞാൻ നിന്നെ പഠിപ്പിക്കാൻ ഉദ്ദേശിച്ചത് വലിയൊരു സത്യം. സമയം തന്നെ ഒരു 'വിലപേശുന്ന കല്ല്' ആണ്. അതിനെ കരുതലോടെ ഉപയോഗിച്ചാൽ സ്വർണ്ണം പോലെ ജീവിതം തെളിയും. പക്ഷേ അത് കളഞ്ഞാൽ പൊടിയായി മാറും."
അന്നു മുതൽ അരുൺ ജീവിതത്തിൽ ഒന്നും വൈകിക്കാതെ ചെയ്യാൻ തുടങ്ങി. വർഷങ്ങൾക്കിപ്പുറം, അവൻ ഗ്രാമത്തിലെ ഏറ്റവും പ്രധാനിയായ വ്യക്തിയായി മാറി. എല്ലാവരും അവനെ കണ്ടപ്പോൾ പറയുമായിരുന്നു:
"അരുൺ വിജയിച്ചത് അവന്റെ കഴിവുകൊണ്ടല്ല, സമയത്തെ വിലമതിച്ചതുകൊണ്ടാണ്."
പാഠം-
സമയം തന്നെ മനുഷ്യന്റെ ഏറ്റവും വിലപ്പെട്ട സമ്പത്ത്. അത് ശരിയായി ഉപയോഗിച്ചാൽ ജീവിതം സ്വർണ്ണമാകും, നഷ്ടപ്പെടുത്തിയാൽ പൊടിയാകും



## ഒരു ഊട്ടി യാത്ര



മായ ലക്ഷ്മി
9 H

ഒരു ഊട്ടി യാത്ര എന്നതിലുപരി ഒരു പ്രകൃതി യാത്ര എന്നുവേണമെങ്കിൽ പറയാം. എല്ലാം കൊണ്ടും മനോഹരമായ ഒരു യാത്ര. ഓരോ വ്യക്തിക്കും മനസ്സ് നിറയെ ആനന്ദിക്കാൻ പറ്റിയ ഒരു ഒതുങ്ങിയ ഇടം. കൃത്യം നാടു കാണിച്ചുരം  അവസാനിക്കുന്ന സമയം ഊട്ടിയിലേക്ക് കേറുന്ന സമയം ഇതിന് രണ്ടുനിമിടയിൽ ഉള്ള സമയത്ത്  സൂര്യനുദിക്കുന്നത് ഞാൻ  കണ്ടു. കോരിത്തരിപ്പിക്കുന്ന തണുപ്പും, സൂര്യന്റെ രശ്മികളും എന്നെ പുണർന്നു. വലിയ വലിയ പൈൻ മരങ്ങളും,വളരെ കഠിനമായ തണുപ്പുമാണ് ഊട്ടിയിലെ പ്രത്യേകത.

ഞാൻ ആ പൈൻ മരത്തിന്റെ മഞ്ഞുമൂടിയ ഇലകളിലൂടെ സൂര്യനെ നോക്കി പുഞ്ചിരിച്ചു.ഇത്തരത്തിൽ മനസ്സുനിറയെ ഞാൻ ആനന്ദിക്കുന്നത് ഈ സൂര്യൻ ഉദിക്കുന്ന അനുഭവത്തിലൂടെയാണ്.പിന്നെ ഊട്ടിയിലേക്കുള്ള ആ യാത്ര വീണ്ടും തുടർന്നു. ഊട്ടിയിലേക്കുള്ള പ്രവേശന കവാടം മുതൽ കുറച്ചു ദൂരം വരെ പരിഷ്ക്കാരസ്പർശം ഏൽക്കാത്ത സ്ഥലങ്ങളാണ്.മുഴുവൻ പൈൻ മരങ്ങളുടെ കാടുകളും, ആ കാട്ടിൽ ഒളിച്ചും പാത്തും നടക്കുന്ന കുരങ്ങുകളും അങ്ങനെയങ്ങനെ...

ഊട്ടിയിലെത്തിയപ്പോൾ തണുപ്പ് എന്നെ മൂടി. അവിടെയെത്തി മുന്നോട്ടു നീങ്ങുന്തോറും എനിക്ക് "കിലുക്കം" സിനിമയിലെ ദൃശ്യങ്ങളാണ് ഓർമ്മ വന്നത്.ഞങ്ങൾ അവിടെ ഒരു പെട്ടിക്കടയിൽ നിന്നും ഭക്ഷണം മേടിച്ചു കഴിച്ചു. അവിടെയുള്ള വീടുകൾക്ക് ചില പ്രത്യേകതകൾ ഉണ്ടായിരുന്നു. അടുപ്പിച്ചടുപ്പിച്ചാണ് വീടുകൾ. ഞങ്ങൾ പൈൻ മരങ്ങൾക്കിടയിലൂടെ നടന്നു അയ്യോ! എന്തൊരു തണുപ്പ്. പിന്നെ അവിടെ ഒരു കായൽ കണ്ടു.ആ കാഴ്ച എന്റെ മനസ്സിലെ ഓർമ്മച്ചെപ്പിനകത്ത് ഇപ്പോഴും ഒളിഞ്ഞിരിക്കുന്നുണ്ട്. ഒരു കണക്കിൽ ഊട്ടി ഒരു പ്രകൃതിരമണീയമായ സ്ഥലമാണ്. ഞങ്ങളുടെ യാത്ര അങ്ങനെ തുടർന്നു........

## ഉറുമ്പിൻ കുട്ടന്റെ മോഹം

മണ്ണിലരിക്കുന്ന  ഉറുമ്പിൻ കുട്ടന്
തവളയെ  പോലെച്ചാടാൻ മോഹം
ഉന്നം  നോക്കിച്ചാടിയ
ഉറുമ്പിൻകുട്ടൻ
കയ്യും കുത്തി ത്താഴത്ത്



നിര നിരയായി വരുന്നുണ്ടല്ലോ
ഉറുമ്പുചേട്ടനും
കൂട്ടുകാരും

ഒപ്പം കൂടി  ഉറുമ്പിൻ കുട്ടനും
എല്ലാവരും
നിരനിരയായി  നടന്നല്ലോ



ഫാത്തിമ സൻഹ
8 C

## കുഞ്ഞ് വിത്തിന്റെ സ്വപ്നം



ഫർസാൻ അൻവർ
9.B



ഒരു ചെറുവിത്ത്,മണ്ണിന്റെ ഇരുണ്ട ഗർഭത്തിൽ, നിശ്ശബ്ദമായി കിടന്നു. ചുറ്റും മൗനം മാത്രം. എങ്കിലും അതിന്റെ ഹൃദയത്തിൽ ഒരു വലിയ സ്വപ്നമുണ്ടായിരുന്നു — ഒരുദിവസം ഞാൻ ഒരു വലിയ മരമാകും, ലോകത്തിന് തണലും സന്തോഷവും നൽകും.

ഒരു ദിവസം, ആകാശം കരഞ്ഞു. മഴത്തുള്ളികൾ മണ്ണിനെ തൊട്ടു. ഓരോ തുള്ളിയും വിത്തിനെ സ്നേഹത്തോടെ ചേർത്തുപിടിക്കുന്നതുപോലെ തോന്നി. മണ്ണിന്റെ ആഴത്തിൽ വിത്ത് ചിരിച്ചു: "എന്റെ സമയം വന്നിരിക്കുന്നു."
ചില ദിവസങ്ങൾക്കുള്ളിൽ, മണ്ണിന്റെ പൊരുള് പൊട്ടിച്ച് ഒരു ചെറു മുള പുറത്ത് നോക്കി. ആദ്യമായി കണ്ട സൂര്യന്റെ വെളിച്ചം അതിന്റെ കണ്ണുകളിൽ സ്വർണസ്വപ്നമായി തെളിഞ്ഞു. കാറ്റ് അതിനെ താലോലിച്ചു, മേഘങ്ങൾ കഥപറഞ്ഞു.

ദിവസങ്ങൾ കടന്നു. മുള വളർന്നു, തൈയായി. തൈ മരമായി. മരത്തിന്റെ കൊമ്പുകളിൽ പക്ഷികൾ വീട്ടുകൂട്ടി, പ്രഭാതഗാനം പാടി. കുട്ടികൾ അതിന്റെ തണലിൽ കളിച്ചു, ചിരിച്ചു. യാത്രക്കാരൻ അവന്റെ അടിയിൽ വിശ്രമിച്ചു.

ഒരു വിത്ത് ഒരിക്കൽ കാണാനാഗ്രഹിച്ച സ്വപ്നം, ലോകത്തിന്റെ സ്നേഹത്തിൽ പൂത്തു.
മരം സ്വയം പറഞ്ഞു:
"ജീവിതത്തിന്റെ യഥാർത്ഥ അർത്ഥം മറ്റുള്ളവർക്ക് തണലും സ്നേഹവും നൽകുക തന്നെയാണ്."

## ചിക്ക് മാംഗ്ലൂർ യാത്രാവിവരണം





കഴിഞ്ഞ മാസം ഞാൻ എന്റെ കാക്കയും, ഉമ്മയും, ഉപ്പയും കൂടെ അഞ്ചു ദിവസത്തെ യാത്രയ്ക്ക് ചിക്ക് മാംഗ്ലൂരിലേക്ക് പോയിരുന്നു. യാത്ര തുടങ്ങുമ്പോൾ തന്നെ ഞങ്ങൾ എല്ലാവർക്കും വളരെ സന്തോഷവും ആവേശവും ഉണ്ടായിരുന്നു.
ചിക്ക് മാംഗ്ലൂരിലെത്തിയപ്പോൾ മലനിരകളുടെ സൗന്ദര്യവും കാപ്പിത്തോട്ടങ്ങളുടെ സുഗന്ധവും ഞങ്ങളെ വരവേറ്റു. വഴിയിലുടനീളം പച്ചപ്പും മഞ്ഞുമൂടിയ കാഴ്ചകളും കാണാൻ കഴിഞ്ഞു.


ആദ്യം ഞങ്ങൾ മുല്ലയനഗിരി സന്ദർശിച്ചു. അത് കർണാടകയിലെ ഏറ്റവും ഉയർന്ന കൊടുമുടിയാണ്. അവിടെ നിന്നുള്ള കാഴ്ചകൾ വളരെ മനോഹരമായിരുന്നു. പിന്നീട് ബാബാ ബുദൻഗിരി സന്ദർശിച്ചപ്പോൾ മലമുകളിൽ വീശിയടിക്കുന്ന തണുത്ത കാറ്റ് എല്ലാം മറന്ന് ആസ്വദിക്കാൻ പ്രേരിപ്പിച്ചു.

കാപ്പിത്തോട്ടങ്ങൾക്കിടയിലൂടെ നടന്നത് ഒരു പ്രത്യേക അനുഭവമായി.പിന്നെ കാട്ടിലൂടെ ഒരു ട്രക്കിങ്ങും ഉണ്ടായിരുന്നു വളരെ ദൂരം നടന്നു കൊണ്ട് കാടിൻറെ മനോഹാരിതയിലേക്ക്പുതിയ മരങ്ങളും പുതിയ പൂക്കളും പുതിയ ജീവികളെയും കണ്ട് പ്രകൃതി അറിഞ്ഞുള്ള ഒരു യാത്ര ഇന്ന് വരെ കാണാത്ത പല ചെടികളുടെയും ഉത്ഭവം ഞങ്ങൾ അപ്പോൾ കണ്ടു.ഒരു മുളവടി കൂടി അവർ നമുക്ക് തരും കുത്തി കുത്തി നടക്കാൻ അത് വല്ലാത്ത ഒരു അനുഭവമായിരുന്നു. കൂടാതെ ഹെബ്ബെ വെള്ളച്ചാട്ടം പോലെയുള്ള വെള്ളച്ചാട്ടങ്ങൾ കണ്ടപ്പോൾ പ്രകൃതിയുടെ ശക്തിയും സൗന്ദര്യവും ഒരുമിച്ച് അനുഭവിക്കാനായി.

യാത്രയുടെ മറ്റൊരു മനോഹര ഭാഗം സെൻ്റ് മേരീസ് ഐലൻഡ് സന്ദർശിക്കുകയായിരുന്നു. കടലിലെ തിരകളുടെ ശബ്ദവും തീരത്തെ പാറക്കൂട്ടങ്ങളും മനസ്സിൽ ഒരിക്കലും മായാത്ത ഓർമ്മയായി.ചുറ്റും വെള്ളം നടുക്കുള്ള ദ്വീപ് അതാണ് സെൻമേരിസ് ഐലൻഡ് അഗ്നിപർവ്വത സ്ഫോടനം വഴി ഉണ്ടായ ധാരാളം അവശിഷ്ടങ്ങൾ നമുക്ക് അവിടെ കാണാം കൂടാതെ ധാരാളം കെട്ടിടങ്ങളും ശില്പങ്ങളും അവിടെയുണ്ട്. അതിനൊപ്പം കയാക്കിങ് ചെയ്തതും വളരെ രസകരമായിരുന്നു. വെള്ളത്തിന്മീതെ കയാക്കിൽ സഞ്ചരിക്കുമ്പോൾ സാഹസികത തോന്നി.

ഈ അഞ്ചു ദിവസത്തെ യാത്രയിൽ പ്രകൃതിയുടെ സൗന്ദര്യവും സാഹസിക വിനോദങ്ങളും അനുഭവിക്കാനായി. കൂടാതെ കുടുംബസമേതം ചെലവഴിച്ച





ഫിസ ഷെസ്മിൻ
8 N